# വനഭരണത്തിലെ വ്യതിയാനങ്ങളും കൊളോണിയൽ ഭരണയുക്തിയും

ഡോ. എം. അമൃത്

കൊളോണിയൽ ഭരണകാലത്ത് രൂപംകൊണ്ട് ഉറച്ചുപോയ നടപടിക്രമങ്ങളിൽ കാര്യമായ മാറ്റം വരുത്തുന്ന പരിപാടിയാണ് വനാവകാശ നിയമം. അതുകൊണ്ടാണ് ഒരുപാട് തടസ്സങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരുന്നതും. നിയമം നടപ്പിലാക്കാൻ ബാധ്യസ്ഥമായ സർക്കാർ വകുപ്പുകളുടെ ഭാഗത്ത് നിന്നും എന്തുകൊണ്ട് നിസ്സഹകരണങ്ങൾ നേരിടേണ്ടിവരുന്നു എന്നു മനസ്സിലാക്കാൻ ഒരുപാട് കാലം നമുക്ക് പിന്നിലേക്ക് പോകേണ്ടി വരും.

വനാവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് റവന്യൂ, ഫോറസ്റ്റ് വകുപ്പുകളുടെ നിസ്സഹകരണമാണ് പ്രധാന തടസ്സമായി നിൽക്കുന്നത് എന്നാണ് വിലയിരുത്തപ്പെടുന്നത്. ഈ സർക്കാർ വകുപ്പുകളുടെ അഥവാ ജീവനക്കാരുടെ നിസ്സഹകരണ മനോഭാവത്തെ നിർണ്ണയിക്കുന്ന ചരിത്രപരവും ഘടനാപരവുമായ ചില കാരണങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം. പല കാരണങ്ങളാലും നിലവിലുള്ള റവന്യൂ ഭരണയുക്തിയിൽ നിന്നുമുള്ള അടിസ്ഥാനപരമായ ഒരു വ്യതിയാനമാണ് വനാവകാശ നിയമത്തിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

കൊളോണിയൽ ഭരണകാലത്ത് രൂപംകൊണ്ട് ഉറച്ചുപോയ നടപടിക്രമങ്ങളിൽ കാര്യമായ മാറ്റം വരുത്തുന്ന പരിപാടിയാണ് വനാവകാശ നിയമം. അതുകൊണ്ടാണ് ഒരുപാട് തടസ്സങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരുന്നതും. ഇത്തരത്തിലുള്ള നിസ്സഹകരണങ്ങൾ, നിയമം നടപ്പിലാക്കാൻ ബാധ്യസ്ഥമായ ഈ സർക്കാർ വകുപ്പുകളുടെ ഭാഗത്ത് നിന്നും എന്തുകൊണ്ട് നേരിടേണ്ടിവരുന്നു എന്നു മനസ്സിലാക്കാൻ ഒരുപാട് കാലം നമുക്ക് പിന്നിലേക്ക് പോകേണ്ടി വരും.

19-ാം നൂറ്റാണ്ടിൽ ആരംഭിച്ച് 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തോടെ ഏറെക്കുറെ നിലവിൽ വന്നിട്ടുള്ള റവന്യൂ ഭരണ സംവിധാനത്തിന്റെ അടിസ്ഥാനമായി കണക്കാക്കാവുന്ന വേർതിരിവുകളിൽ ഒന്ന് കാട് / നാട് എന്ന വേർത്തിരിവാണ്. പരമ്പരാഗതമായി കാട് /നാട് എന്ന സംവർഗ്ഗങ്ങൾ നിലവിലുണ്ടായിരുന്നുവെങ്കിലും അവയിൽ ഭരണകൂടത്തിനും, വ്യക്തികൾക്കും ഉള്ള അവകാശങ്ങൾ, പ്രവേശനം എന്നീ കാര്യങ്ങൾ ചലനാത്മകവും വഴക്കമുള്ളവയും ആയിരുന്നു. ഉദാഹരണത്തിന് തേക്ക്, ഈട്ടി, ചന്ദനം, ആനക്കൊമ്പ്, ആന മുതലായ വിഭവങ്ങൾ രാജാവിന്/ ജന്മിക്ക് അധീനമായിരുന്നുവെങ്കിലും മറ്റുവിഭവങ്ങളിൽ പലതും പ്രാദേശിക സമൂഹത്തിലെ തൊഴിലധിഷ്ഠിതമായി വിഭജിക്കപ്പെട്ടിട്ടുള്ള ജാതി സമൂഹങ്ങൾക്കു രേഖപ്പെടുത്തിയതോ അല്ലാത്തതോ ആയ പരമ്പരാഗത അവകാശമായി സ്വാധീനമായിരുന്നു. ഒരു ഭൂമി തന്നെ പലർ വിവിധങ്ങളായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിരുന്നു; ഭക്ഷണത്തിനും, ഉപജീവനത്തിനും, കൈമാറ്റത്തിനും, വിൽപ്പനയ്ക്കും ആയുള്ള വിഭവ ശേഖരണത്തിന്, കാലിമേച്ചിലിന്, കെട്ടിട നിർമ്മാണത്തിനാവശ്യമായ തടിയ്ക്കും മേച്ചിൽ പുല്ലിനും, വിറകിനും....എന്നിങ്ങനെ. പരമ്പരാഗതമായുള്ള 'നാട്ടു' ഭൂമി അഥവാ കാർഷിക ഭൂപ്രദേശത്തിന്റെയും കാര്യം വളരെയൊന്നും വ്യത്യസ്ഥമായിരുന്നില്ല. ഉദാഹരണത്തിന് മൃഗപരിപാലനത്തിലും മറ്റും ഏർപ്പെട്ടുവന്ന നാടോടി സമൂഹങ്ങൾക്കു കൃഷി-കൊയ്ത്തുകളുടെ ഇടവേളകളിൽ കാലിമേച്ചിലിനും മറ്റുമായി നിലം ലഭ്യമായിരുന്നു പലപ്പോഴും കർഷകരെ സംബന്ധിച്ചിടത്തോളം ഇത്തരം സന്ദർശകർ ഒരു അനുഗ്രഹ

ശാസ്ത്രജ്ഞൻ, കേരള വന ഗവേഷണ പഠന കേന്ദ്രം, പീച്ചി, തൃശൂർ

മായും (കൃഷി ഭൂമി ചാണകം ചേർന്ന് ഫലപുഷ്ടിയുള്ള താകും എന്നതിനാൽ) കരുതിപ്പോന്നിരുന്നു. അതായത് അക്കാലത്ത് ഉടമസ്ഥാവകാശം എന്നത് സർവ്വാർത്ഥത്തി ലും ഉള്ള അവകാശമായി ഉടമയിൽ നിക്ഷിപ്തമായിരുന്നി ല്ല, അലിഖിതമായ ധാരാളം ചെറു-ജന്മാവകാശങ്ങളും കീ ഴ്വഴക്കങ്ങളും നിലവിലുണ്ടായിരുന്നു. ഉത്പാദിപ്പിക്കപ്പെ ട്ട വിളയുടെ അളവിന്മേൽ ആയിരുന്നു നികുതി നിശ്ചയി ക്കപ്പെട്ടിരുന്നത്. ഇതിനുപുറമേ വലിയൊരു ഭൂപ്രദേശം കാ ലിക മാറ്റകൃഷിയായ വെട്ടി-ചുട്ടു കൃഷിരീതി പിന്തുടർന്നു പോന്നിരുന്ന, ഭരണപരമായി 'അവ്യക്ത', മേഖലയിൽ ആ യിരുന്നു. എന്നാൽ കൊളോണിയൽ ആധുനികതയുടെ ഭാ ഗമായി നിലവിൽ വന്ന ഭരണപരിഷ്കാരത്തിന്റെ ലക്ഷ്യം ഇത്തരം ചലനാത്മകവും, വഴക്കമറ്റതും, അവ്യക്തവും ആ യ മേഖലകളെ നികുതി നൽകുന്ന സ്വകാര്യഭൂമി, സർക്കാ രിന്റെ കൈവശമുള്ള വനഭൂമി എന്നീ ലളിതമായ സംവ ർഗ്ഗങ്ങളായി തരംതിരിച്ച് ഉൾപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കുക എന്നതായിരുന്നു. ഈ ഉൾപ്പെടുത്തൽ പ്ര ക്രിയയിലൂടെ, നികുതി സംബന്ധമായ സുവ്യക്തത (ഓ രോ തുണ്ട് ഭൂമിക്കും നിശ്ചിത നികുതി നൽകാൻ ഉത്തര വാദിത്തപ്പെട്ട ഒരാൾ) ഉറപ്പുവരുത്തുന്നത്തിന്റെ പരിണിത ഫലങ്ങൾ പലതാണ്: ഒന്ന് നിയമ വിധേയമായ കൃഷി=സ്ഥി രകൃഷി എന്നായിത്തീർന്നു, രണ്ടാമതായി നികുതി വ്യവ സ്ഥയും നികുതി ഈടാക്കുന്ന സംവിധാനങ്ങൾക്കും നി രക്കാത്തതും ചലനാത്മകമായിട്ടുള്ള ഏതൊരുഉപജീവന വും നിരുത്സാഹപ്പെടുത്തേണ്ടതും പലപ്പോഴും കുറ്റകരവും ആയി കണക്കാക്കാൻ തുടങ്ങി, മൂന്നാമതായി സ്വകാര്യ സ്വത്തിലേക്കും പണാധിഷ്ഠിതമായ സമ്പദ്ഘടനയിലേ ക്കും ഉള്ള സാമൂഹ്യപരിവർത്തനങ്ങൾക്ക് ഇത് നാന്ദികു റിച്ചു, 'നാട്' അഥവാ പ്രധാനമായും കൃഷിയിലധിഷ്ഠിത മായ ഉപജീവനമുള്ള ഭൂപ്രദേശങ്ങളിൽ നിശ്ചയിക്കപ്പെട്ട തുപോലെ 'കാട്' എന്ന് വിവക്ഷിച്ച ഇടങ്ങളിലും പുത്തൻ ഭരണക്രമങ്ങൾ ഇക്കാലത്ത് നിലവിൽ വന്നുതുടങ്ങി. ഇ തിൽ പ്രധാനമായ മാറ്റങ്ങളിൽ ഒന്ന് 'കാട്' എന്നത് 'സ ർക്കാർ വനം' അഥവാ സർക്കാർ ആവശ്യങ്ങൾക്കായി മാത്രം കരുതൽ /സംവരണം ചെയ്യപ്പെട്ട വനം (reserved forest) ആയിത്തീർന്നു എന്നതാണ്. ഇതിൽ ഇങ്ങനെ കാ ട് സർക്കാർ വനമാക്കിയെടുക്കുന്ന പ്രക്രിയയിൽ പ്രധാന മാണ് 'പെർമെനെന്റ് സെറ്റിൽമെന്റ്', അതായത് എന്നെ ന്നേക്കുമായുള്ള ഒറ്റത്തവണ തീർപ്പാക്കൽ, എന്തിന്റെ? വ നത്തിന്മേലുള്ള എല്ലാവിധ പരമ്പരാഗത അവകാശങ്ങളു ടെയും; ചിലവ നിലനിർത്തിയും മിക്കവയും നിരോധിച്ചു കൊണ്ടും. സർക്കാരാവശ്യത്തിനായുള്ള തടിയുടെ വ ളർച്ചയ്ക്ക് വിഘാതമായി കരുതിയിരുന്ന ആവശ്യങ്ങളും (വിറകിന്റെയും ചെറുതടികളുടെയും പച്ചിലവളത്തിന്റേയും ശേഖരണം, കാലിമേച്ചിൽ, മാറ്റകൃഷി എന്നിങ്ങനെ) അവ കാശങ്ങളും പൂർണ്ണമായും നിരാകരിച്ചിരുന്നു. കുടിവെള്ള ശേഖരണത്തിനും, വഴി നടക്കുന്നതിനും, കൈത്തൊഴി ലിനായി മുളപോലുള്ള അസംസ്കൃതവസ്തു ശേഖരണ ത്തിനുമാണ് പിന്നെ അവകാശങ്ങൾ അനുവദിച്ചു കൊടു ത്തിരുന്നത്. ഇത്തരം ഒരവകാശം സ്ഥാപിച്ചു കിട്ടണമെ ങ്കിൽ അവ നിലവിലുണ്ടായിരുന്നു എന്നതിന് പ്രമാണം വേണമായിരുന്നു. എഴുതപ്പെട്ടിട്ടുള്ള പ്രമാണത്തിനാണ് മു ൻതൂക്കം. ഭരണകൂടത്തിന്റെ സാക്ഷരതാ മാനദണ്ഡം പാ ലിച്ചുകൊണ്ട് പ്രമാണത്തിലൂടെ തങ്ങളുടെ അവകാശങ്ങൾ ഉന്നയിക്കുന്നത് പോയിട്ട് ഇങ്ങനെ ഒരു വനമേറ്റെടുക്കൽ പ്രസ്ഥാനം നടപ്പിൽവരുന്നുണ്ടെന്ന് അറിയാൻ സാധിക്കു ന്ന വനാശ്രിത സമൂഹം അന്ന് ഉണ്ടായിരുന്നില്ല എന്നത് ഈ തീർപ്പാക്കലിനെ എളുപ്പമാക്കിത്തീർത്തു.

കാട് സർക്കാർ വനമായപ്പോൾ സംഭവിച്ച മറ്റൊരു മാ റ്റം അവിടെ താമസിച്ചിരുന്ന ജനങ്ങളുടെ കാര്യത്തിലായി രുന്നു. താൽക്കാലികമായി 'നാട്ടിൽ' നിന്നും കാട്ടിൽ വ ന്നു കൃഷി, വേട്ടയാടൽ, വനവിഭവശേഖരണം എന്നിവയിൽ ഏർപ്പെട്ടുവന്നിരുന്നവരെ ഈ പ്രവർത്തികൾ നിയമവിരു ദ്ധമാക്കിയതിലൂടെ ജാതി സമൂഹ ശ്രേണിയിലേക്കും കാ ർഷിക കൈത്തൊഴിൽ മേഖലയിലേക്കും ഏറെക്കുറെ ഇ ണക്കിയപ്പോൾ, കാട്ടിൽ സ്ഥിരവാസക്കാരായ സമൂഹത്തെ tribe, hillmen അഥവാ ആദിവാസികൾ എന്ന ഗണത്തിലാ ണ് ചേർത്തത്. ഇത് കാട്/നാട് എന്നതിലെപ്പോലെ സു പ്രധാനമായ ഒരു തരംതിരിവായിരുന്നു. ഭരണപരമായ ഈ പുത്തൻ തരംതിരിവിൽ നാട്ടിൽ ജാതി സമൂഹവും, കാ ട്ടിൽ ആദിവാസിയും എന്നു വന്നു. നാട്ടിലെ ജാതി സമൂ ഹാംഗത്തിന് ലഭിച്ചിരുന്ന പൗരത്വാവകാശങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു ആദിവാസിയുടേത്. വനപാലകർക്ക് കാടിന്റെ ചുമതലയ്ക്കൊപ്പം ആദിവാസി ജനസമൂഹത്തി ന്റെ മേൽ ഭരണപരമായ അധികാരം നൽകുന്ന ഹിൽമെൻ ആക്റ്റ് ഈ കാലഘട്ടത്തിൽ മിക്ക പ്രവിശ്യകളിലും നില വിൽ വന്നത് ഈ യുക്തിയെ പിന്തുടർന്നാണ്. സാദ്ധ്യമെ ങ്കിൽ മനുഷ്യസാന്നിദ്ധ്യം തീരെ ഇല്ലാത്ത കാടായിരുന്നു സർക്കാർ വനമാകാൻ എത്രയും അനുയോജ്യം, എന്നാൽ സവിശേഷ ഇന്ത്യൻ സാഹചര്യത്തിൽ കാട്ടിൽ വഴിയറി യാനും, ക്യാമ്പ് ചെയ്തുള്ള തടിയറുപ്പ്, മറ്റുവനവിഭവ ശേ ഖരണം എന്നീ കാര്യങ്ങളിൽ സഹായത്തിനും ആദിവാ സി കാടറിവും അധ്വാനശേഷിയും പരിഗണിച്ചാണ് ആദി വാസി ഊരുകൾ കാട്ടിൽ തുടരാൻ സമ്മതമായത്.

വനപരിപാലന ശാസ്ത്രം നടപ്പിലാക്കുന്നതിനായി രൂ പംകൊണ്ട ഒരു സ്ഥാപനമാണ് വനം വകുപ്പ് എന്നാണ് വയ്പ്പ്. വനപരിപാലന ശാസ്ത്രം സർക്കാർ സംവിധാന ങ്ങളിലൂടെ വനം വകുപ്പ് നടപ്പിലാക്കുന്നു. എങ്ങനെയാ ണ് വനപരിപാലന ശാസ്ത്രം രൂപം കൊണ്ടിട്ടുള്ളത് എ ന്നു നോക്കാം. 18-ാം നൂറ്റാണ്ടിൽ ജർമ്മനി, ഫ്രാൻസ് എ ന്നീ രാജ്യങ്ങളിൽ ദീർഘകാല യുദ്ധങ്ങൾ നടന്നിരുന്ന 17 ഉം 18 ഉം നൂറ്റാണ്ടുകളിൽ കഠിനമായ തണുപ്പുള്ള പ്രദേശ മായതിനാൽ വീടുകളെ ചൂടുള്ള അന്തരീക്ഷത്തിൽ നില നിർത്താനായി അവർക്ക് കരിയും വിറകുമൊക്കെ ധാരാ ളം ആവശ്യമായിരുന്നു. യാതൊരുവിധ നിയന്ത്രണവുമി ല്ലാതെ കഴിയാവുന്നത്ര മരങ്ങൾ ഇതിനായി വെട്ടിമാറ്റി. ഈ സാഹചര്യം മറികടക്കാനായി സർക്കാരുകളുടെ മുൻകൈ യ്യിൽ വിറകിനായി ഏകവിള വനത്തോട്ടങ്ങൾ നട്ടുവളർത്തി പരിപാലിക്കുന്നതിന്റെ ഭാഗമായി രൂപംകൊണ്ട തോട്ടനി ർമ്മാണത്തിന്റെയും ഭരണനിർവ്വഹണത്തിന്റേയും സങ്കരമാ യ ചില കീഴ്വഴക്കങ്ങളാണ് ക്രമേണ വനപരിപാലന ശാ സ്ത്രമായി രൂപാന്തരപ്പെട്ടത്. അതായത് മരങ്ങൾ ഇല്ലാതാ യപ്പോൾ കൃത്രിമമായി മരങ്ങൾ വച്ചുപിടിപ്പിക്കാൻ വേണ്ടി യുള്ള ശ്രമങ്ങൾക്കിടയിൽ രൂപംകൊണ്ടതാണ് വനപരിപാ ലന ശാസ്ത്രം. തണുപ്പുള്ള രാജ്യങ്ങളിൽ വൃക്ഷവൈവി ധ്യം കുറവാണ്. അവിടെ ലളിതമായ സസ്യജാലങ്ങളാണു

ള്ളത്. അതായത് ഒരു ചതുരശ്ര കിലോ മീറ്ററിൽ അഞ്ചു മുതൽ പത്തു വരെ ഇനം മരങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളൂ. അതേസമയം ഉഷ്ണമേഖലാപ്രദേശമായ ഇവിടെ നൂറുകണക്കിന് ഇനത്തിൽപ്പെട്ട മരങ്ങളും മറ്റ്സസ്യങ്ങളും ഉണ്ടാകും. ലളിതമായ സസ്യ-ജീവജാല വൈവിധ്യം നിലവിലിരുന്നിടത്ത് രൂപംകൊണ്ട ഇതേ വനപരിപാലന ശാസ്ത്രം തന്നെയാണ് പിന്നീട് ഇന്ത്യയിൽ പിന്തുടർന്നതും ഉഷ്ണമേഖലാ വനപരിപാലന ശാസ്ത്രമായി മാറ്റങ്ങളോടെ ഇന്ത്യയിൽ സ്ഥാപനരൂപത്തിൽ നിലവിൽ വന്നതും.

നിശ്ചിത കാലയളവ് നിർണയിച്ചാണ് ഏകവിള വനതോട്ടങ്ങൾ നട്ടുവളർത്തുക. നിശ്ചിതകാലം തികയുമ്പോൾ മരങ്ങൾ മുറിക്കാൻ കഴിയണം. ഈ ചാക്രികമായ ഉൽപ്പാദന പദ്ധതിയാണ് ക്രമേണ സ്വാഭാവിക വനങ്ങളിൽ നിന്നും വനത്തോട്ടങ്ങളിൽ നിന്നും തടി ഉൽപ്പാദിപ്പിക്കാനുള്ള വനപരിപാലന രീതിയായി സ്ഥാപന രൂപമാർജ്ജിച്ചത്. വരും ദശകങ്ങളിലേക്ക് ആവശ്യമായ തടി, വിറക്, കരി എന്നിവ മുൻകൂട്ടി കണക്കാക്കിയതിനു ശേഷമാണ് മുൻകൂട്ടി മരങ്ങൾ വെച്ചുപിടിപ്പിക്കുക. ഓരോ മരങ്ങളുടെയും ആയുസ്സ്, തടിക്കണക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലുകളിലാക്കി ശേഖരിച്ചിരുന്നു. ഇത്തരത്തിൽ വളരുന്ന വനത്തോട്ടങ്ങളുടെ തടിക്കണക്ക് സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കാനുള്ള വലിയ ഫയൽ വ്യവസ്ഥകൾ, കീഴ്വഴക്കങ്ങൾ, ജർമ്മനിയിൽ ഉണ്ടായിരുന്നു. വിത്ത് നടുക, പരിപാലിക്കുക, ഓരോ മരത്തിന്റേയും വളർച്ചാനിരക്ക്, തോട്ടത്തിലെ ആകെ തടിയുടെ വാർഷിക വളർച്ചാവർദ്ധന കൃത്യമായും കണിശമായും രേഖപ്പെടുത്തപ്പെട്ടു. സുസ്ഥിരമായ തടി ലഭ്യത ഉറപ്പുവരുത്താനുള്ള ഭരണപരവും, നിർവ്വഹണപരവുമായ കീഴ്വഴക്കങ്ങൾ ചട്ടങ്ങൾ തുടങ്ങിയ കാര്യങ്ങൾ ശാസ്ത്രീയ രീതിയിലായിരുന്നു നടപ്പിൽ വരുത്തിയിരുന്നത്. ഇത്രയും വിപുലമായ നിർവ്വഹണ സംവിധാനങ്ങളും നീണ്ടകാലത്തെ ഉൽപ്പാദനരീതികളും ആസൂത്രണവും ദേശീയ തലത്തിൽ നടപ്പാക്കേണ്ടതിനാലും, രാഷ്ട്രതന്ത്രപരമായ പ്രാധാന്യം ഉണ്ടായിരുന്നതിനാലും ഈ പ്രസ്ഥാനം നടപ്പാക്കുന്നതിൽ സർക്കാറിനായിരുന്നു നേതൃത്വം. മുതൽ മുടക്കുന്നതും കണക്കുകൂട്ടുന്നതും സർക്കാർ തന്നെ. ഇങ്ങനെ രാഷ്ട്രതന്ത്രപരമായി രൂപം കൊണ്ട പ്രയുക്ത ശാസ്ത്രശാഖകൾ ആയിരുന്നു 1. സ്റ്റാറ്റിസ്റ്റിക്സ് (സ്ഥിതി വിവര കണക്ക്), 2. പൊളിറ്റിക്കൽ ഇക്കോണമി/ പബ്ലിക് ഫിനാൻസ് 3. വനപരിപാലനം (ഫോറസ്ട്രി) എന്നിവ. കാമറൽ സയൻസ് എന്നാണിവ അറിയപ്പെട്ടിരുന്നത്. അതായത് ഭരണവുമായി ബന്ധപ്പെട്ടുണ്ടായ ശാസ്ത്രശാഖകൾ. ഇവ സാധുവാകുന്നതും പ്രയുക്തമാകുന്നതും കേന്ദ്രീകൃത ഭരണത്തിന്റെ പശ്ചാത്തലത്തിലാണ്. ഇതെല്ലാം ആധുനികമായ ഒരു രാഷ്ട്രീയ സംവിധാനമായിരുന്നു. എന്താണ് ആധുനികത ? വളരെ ലളിതമായി പറഞ്ഞാൽ ഭൗതികമായ പുതിയ യുക്തികൾ സ്വാംശീകരിച്ചിട്ടുള്ള സംവിധാനങ്ങൾ ആധുനികതയിൽ വരുന്നു. അതിനനുസരിച്ചുള്ള ഭരണവ്യവസ്ഥകൾ വരുന്നു. പുതിയ രാഷ്ട്രസംവിധാനങ്ങൾ 18-19 നൂറ്റാണ്ടുകളിൽ ഇത്തരത്തിൽ നിലവിൽ വന്നു. ഭരണഘടനകൾ ഉണ്ടാക്കപ്പെടുന്നു. അതായത് രൂപീകൃതമായ ഭരണസംവിധാനങ്ങൾ, നിയമ വ്യവസ്ഥകൾ, സ്ഥാപന രൂപങ്ങൾ ഉണ്ടാകുന്നു (രാജഭരണത്തിൽ രൂപീകരണമില്ലല്ലോ) ഇതേ സംവിധാനം ഇന്ത്യയിലെത്തുന്നത് 1857-നു ശേഷം ബ്രിട്ടീഷ് രാജ്ഞിയുടെ കീഴിലേക്ക് ഇന്ത്യയുടെ ഭരണം മാറിക്കൊണ്ടായിരുന്നു. ആധുനികമായ ഭരണസമ്പ്രദായം ഇന്ത്യയിലും വന്നു. എന്നാൽ യൂറോപ്യന്മാർ ആധുനികരായ രീതിയിലല്ല ഇന്ത്യക്കാർ ആധുനികരായത്. കൊളോണിയൽ സാഹചര്യത്തിലാണ് നമ്മൾ ആധുനികരാകുന്നത്. അങ്ങിനെ സവിശേഷമായ രീതിയിൽ ആധുനികരായതുകൊണ്ടാണ് നമ്മൾ ഒരേസമയത്ത് അടിമയുടമ സമ്പ്രദായം പോലെ വൈരുദ്ധ്യമാർന്ന സംവിധാനങ്ങൾ നിലനിർത്തിയത്. അടിമയുടമ സംവിധാനത്തിലും, ജാതിയധിഷ്ഠിത സമൂഹത്തിലും സുതാര്യമായ ആശയവിനിമയ സാധ്യതകൾ വളരെ കുറവായിരുന്നു. ഇതേ സാഹചര്യത്തിൽ, അറിവിന്റെ പുതിയ വ്യവസ്ഥകളും സ്ഥാപനങ്ങളും നിലവിൽ വന്നു. കൃഷി, കന്നുകാലി പരിപാലനം, നികുതി വ്യവസ്ഥ, ഭരണകൂട രീതികൾ, വനപരിപാലനം തുടങ്ങിയ ഭരണ-അറിവുരൂപങ്ങൾ നിലവിൽ വന്നു. വനപരിപാലനവും ഇങ്ങനെ വന്ന അറിവിന്റെ സ്ഥാപന രൂപങ്ങളാണ്.

തടിയുത്പ്പാദിപ്പിക്കാനായിരുന്നു ആദ്യകാലത്ത് വനങ്ങൾ നിയോഗിക്കപ്പെട്ടത്. പിന്നീടാണ് പരിരക്ഷണം ആരംഭിക്കുന്നത്. 1864 ൽ ഡൈറിക് ബ്രാണ്ടിസ് എന്ന ജർമ്മൻ സസ്യശാസ്ത്രജ്ഞനാണ് ഇന്ത്യയിലെ ആദ്യത്തെ ഫോറസ്റ്റ് ഇൻസ്പെക്ടർ ജനറൽ ആയി എത്തുന്നത്. അദ്ദേഹമായിരുന്നു വനം വകുപ്പിനാവശ്യമായ രൂപഘടനകൾ ഉണ്ടാക്കിയത്. 1865 ൽ ആദ്യത്തെ ഫോറസ്റ്റ് ആക്ട് വരുന്നു. പിന്നീട് ഫോറസ്റ്റ് പോളിസിയും അവതരിപ്പിക്കപ്പെട്ടു. ജർമ്മൻ വനപരിപാലന ശാസ്ത്രത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യയിൽ വനപരിപാലന ശാസ്ത്രം അവതരിപ്പിക്കപ്പെടുന്നതും സ്ഥാപനരൂപം ആർജ്ജിക്കുന്നതും. ഈ അറിവ് പ്രയോഗിക്കണമെങ്കിൽ സർക്കാരിന്റെ കൈയ്യിൽ ഭൂമി വേണമായിരുന്നു. സർക്കാർ ഭൂമിയിലെ ഈ സവിശേഷമായ വനപരിപാലന ശാസ്ത്രം പ്രാക്ടീസ് ചെയ്യാൻ സാധിക്കൂ. ഇതിനായി ഭൂമി ഏറ്റെടുത്തു റിസർവ് വനങ്ങൾ ഉണ്ടാക്കുന്നതിന് നിയമപശ്ചാത്തലം ഒരുക്കുന്നതിനായിട്ടാണ് 1865 ൽ വനനിയമം കൊണ്ടുവരുന്നത്. നയം, നിയമം, ചട്ടങ്ങൾ എന്നിങ്ങനെ പൂർണ്ണമായ അർത്ഥത്തിൽ നിയമപരമായ സ്ഥാപന ഘടന ഉണ്ടായി.

വനഭൂമിയിൽ പരമ്പരാഗത അവകാശങ്ങൾ എഴുതപ്പെട്ടിട്ടുള്ള അവകാശങ്ങളായി ഉണ്ടെങ്കിൽ മാത്രമേ പുതിയ വ നിയമത്തിൽ അത് അനുവദിച്ചു കൊടുത്തിരുന്നുള്ളൂ. അതായത് വനാവകാശം വകവെച്ചു കിട്ടണമെങ്കിൽ തെളിവ് വേണമായിരുന്നു. ഇല്ലെങ്കിൽ എഴുതി ഉണ്ടാക്കണമായിരുന്നു. അമേരിക്കയിൽ റെഡ് ഇന്ത്യൻസിനെതിരെ നടന്ന അധിനിവേശവും ഇന്ത്യയിൽ നടന്ന അധിനിവേശവും തമ്മിൽ വ്യത്യാസമുണ്ടെങ്കിലും ചില സമാനതകളും കാണാം. അമേരിക്കയിലെ പോലെ സാർവത്രികമായ കൊല്ലും കൊലയുമായിരുന്നില്ല അധിനിവേശത്തിനു ഇന്ത്യയിൽ സ്വീകരിച്ച മാർഗ്ഗം. സാമൂഹികവും സാംസ്കാരികവുമായ കീഴടക്കലായിരുന്നു ഇന്ത്യയിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ എഴുത്തിനും എഴുതപ്പെട്ട പ്രമാണങ്ങൾക്കും രണ്ടിടത്തും പ്രാമുഖ്യം കൽപ്പിച്ചിരുന്നു. അമേരിക്കയിൽ 'റെഡ് ഇന്ത്യൻസിൽ' നിന്നും ഭൂമി 'എഴുതി' സമ്മതിപ്പിച്ചു വാങ്ങിക്കുകയായിരുന്നു. എഴുത്തിലൂടെയായിരുന്നു അവരെ കീഴടക്കിയിരുന്നത്. അതുകൊണ്ടാണ് അമേരിക്കയിൽ 'എഴു

ത്തി'നെതിരെ ചെറുത്തുനിൽപ്പിന്റെ രീതികൾ ഇന്നും ശക്തമായി തുടരുന്നത്. ആദിവാസികളുടെ നേതൃത്വത്തിൽ തിരസ്കരിക്കുന്ന ചെറുത്തുനിൽപ്പ്  അവിടെ ഇന്ന് പ്രബലമാണ്. ജെയിംസ് സ്കോട്ട് എന്ന ചരിത്രകാരൻ പറയുന്നു:- താഴ്വാരങ്ങളിൽ സ്ഥിരതാമസത്തിലേർപ്പെട്ട് നെല്ല് കൃഷി ചെയ്ത്, അതിനെ കേന്ദ്രീകരിച്ച് ഭരണവ്യവസ്ഥയ്ക്ക് ഭാഗമായവരുടെ ജീവിതരീതിയെയാണ് 'സംസ്കാരം' എന്നു പറയുന്നത്. അല്ലാത്തവരെ സംസ്കാരമുള്ളവരായി അംഗീകരിച്ചിരുന്നില്ല. നികുതിയും അടിമത്ത വ്യവസ്ഥയും പിൻപറ്റി ഭരണം നടത്തിയിരുന്നവർ, മലമ്പ്രദേശങ്ങളിലും വനപ്രാന്തങ്ങളിലും ആയി മാറിജീവിച്ചിരുന്നവരെ 'പ്രാകൃതർ' എന്നാണു വിളിച്ചിരുന്നത്. യതാർത്ഥത്തിൽ, പ്രകൃതിയോട് ചേർന്നവരാണ് പ്രാകൃതർ. ഇന്നാ പ്രയോഗം വളരെ മോശപ്പെട്ട രീതിയിലാണ് ഉപയോഗിക്കുന്നത്.

ഇങ്ങനെയുള്ള ഭരണകൂടങ്ങളുടെ ആധുനികവത്കരിച്ച രൂപമാണ് ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിലും രൂപം കൊണ്ടത്. ഈ ഭരണകൂടത്തിന്റെ സകലമാന നിയമസംവിധാനങ്ങളും ഭൂമിയെ, കാടിനെ തങ്ങളുടെ പൂർണ്ണമായും അധീനതയിലാക്കുകയാണ് ചെയ്തത്. വനംവകുപ്പിന്റെ കീഴിൽ സാമാന്യ ജനങ്ങളുടെ എല്ലാ അവകാശങ്ങളെയും അറിവിനെയും അത് നിരാകരിച്ചു. അന്നത്തെ അതേ ഓഡിറ്റ് വ്യവസ്ഥകൾ, നിയമങ്ങൾ, നയങ്ങൾ എന്നിവയാണ് പിന്നീടും സ്വാതന്ത്ര്യാനന്തരവും തുടർന്നത്. വില്യംസ് ശ്ലീച്ച് 1875- ൽ തയ്യാറാക്കിയ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ (10 വർഷത്തെ വന പരിപാലന ആസൂത്രണ രീതിയെ ആസ്പദമാക്കി) തന്നെയാണ് ഇന്നും പിന്തുടരുന്നത്. ആകെയുള്ള വ്യത്യാസം വനാവകാശ നിയമവുമായി ബന്ധപ്പെട്ടാണ്. പങ്കാളിത്ത വനപരിപാലനവുമായി ബന്ധപ്പെട്ടും ചില വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. ബ്രിട്ടീഷ് ഭരണകാലത്തിനു ശേഷം നിയമങ്ങളും നയങ്ങളുമെല്ലാം പൂർണ്ണാമായും മാറേണ്ടതായിരുന്നു. തടി കിട്ടുക എന്നതായിരുന്നു ബ്രിട്ടീഷുകാർക്ക് പ്രധാനം. തടി എന്തിനായിരുന്നു ?

കടൽ വഴിയായിരുന്നു ആദ്യകാല വ്യാപാരങ്ങൾ. കടലിലെ ആധിപത്യമായിരുന്നു കച്ചവടത്തിലെയും ആധിപത്യത്തെ നിർണ്ണയിച്ചിരുന്നത്. അതായത് കടലിലെ ആധിപത്യമായിരുന്നു സാമ്പത്തിക ആധിപത്യം. അതുകൊണ്ടു തന്നെ യുദ്ധത്തിനായാലും ചരക്ക് ഗതാഗതത്തിനായാലും നല്ല തടികൊണ്ടുള്ള കപ്പലിന് ആവശ്യക്കാർ കൂടുതലായിരുന്നു. പ്രബല ശകതികൾ ഇതിനായി യൂറോപ്പിലുള്ള ഓക്ക് മരങ്ങളെയായിരുന്നു ആശ്രയിച്ചിരുന്നത്. എന്നാൽ ഇതിന് ദൗർലഭ്യം അനുഭവപ്പെട്ടതോടെ പകരം മറ്റു മരങ്ങൾ അവർ അന്വേഷിച്ചിറങ്ങി. ഓക്ക് മരത്തോടു ഈയാവശ്യത്തിന് ഗുണനിലവാരത്തിൽ കിടപിടിക്കുന്ന ഒരേയൊരു തടിയായി തേക്കിനെ കണ്ടെത്തുന്നത് അങ്ങിനെയാണ്. പശ്ചിമഘട്ട മേഖലകളിലായിരുന്നു അന്ന് തേക്ക് ഏറ്റവും കൂടുതലായി ലഭ്യമായിരുന്നത്. 1800-കളിൽ തന്നെ തേക്കുമരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള ശ്രമങ്ങൾ അവർ തുടങ്ങിയിരുന്നു. ഈ മരങ്ങൾ കൈക്കലാക്കാനായാണ് മരത്തിനു മുകളിലുള്ള നിയന്ത്രണം വ്യാപകമായി ഏർപ്പെടുത്തിയത്. തുടർന്നു  വന്ന നിയമങ്ങളിലൂടെ ആ നിയന്ത്രണം മരത്തിൽ നിന്ന് അതുവളരുന്ന ഭൂമിയിലേക്കും വ്യാപിച്ചു. മരവും ഭൂമിയും ഒരുപോലെ സർക്കാർ അധീനതയിലായി.

തിരുവിതാംകൂർ, കൊച്ചി, എന്നിവിടങ്ങളിൽ 1800 കളുടെ അവസാനത്തോടെ ഫോറസ്റ്റ് കമ്മീഷൻ രൂപീകരിക്കപ്പെടുകയും കമ്മീഷനുകളുടെ നിർദ്ദേശത്തിന്റെ ഭാഗമായി പുതിയ നിയമങ്ങൾ വരികയും ചെയ്തു. ഉദാഹരണത്തിന് മദ്രാസ് പ്രസിഡൻസിയിലെയും, തിരുവിതാംകൂർ, കൊച്ചിയിലെയും വനനിയമങ്ങൾ. തിരുവിതാംകൂറിൽ ടി.എഫ്. ബോർഡിലോൺ ആണ് ഫോറസ്റ്റ് കമ്മീഷനായി നിയമിക്കപ്പെടുന്നത്. കാപ്പിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിൽ വിദഗ്ധനായ ഒരു പ്ലാന്റർ ആയിരുന്നു അദ്ദേഹം. കേരളത്തിലെ ഫോറസ്ട്രിയുടെ തലത്തൊട്ടപ്പനായി കരുതുന്നത് അദ്ദേഹത്തെയാണ്. തിരുവിതാംകൂറിലെ വനത്തടികളെ കുറിച്ചും വനസസ്യങ്ങളെ കുറിച്ചും ഏറ്റവും ആധികാരിക ഗ്രന്ഥം അദ്ദേഹം രചിച്ചതായിരുന്നു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിന്റെ ആമുഖത്തിൽ ഇങ്ങനെ പറയുന്നു :- "ഇത് വളരെ മനോഹരമായ പ്രദേശമാണ്. ധാരാളം മഴ കിട്ടുന്ന പ്രദേശം. ഫലഭൂയിഷ്ഠമായ മണ്ണ്. കൃഷി ചെയ്യണമെങ്കിൽ മണ്ണൊരുക്കി വിത്തു വെറുതെ പാകിയിട്ടാൽ മതി. ഒമ്പത് മാസം പണി ചെയ്യാതെ വെറുതെയിരിക്കാം. കിട്ടേണ്ടത് കിട്ടും. പക്ഷേ ഇവിടുത്തെ ആളുകൾ മടിയന്മാരാണ്". ഇവിടെ ആർക്കും  അധ്വാനിക്കാനറിയില്ല. അതുകൊണ്ട് നമുക്ക് ആധുനികകൃഷിയും ആധുനിക വനസംരക്ഷണ പദ്ധതികളും നടപ്പിലാക്കണം. അതെങ്ങനെ നടപ്പിലാക്കണം എന്നതു സംബന്ധിച്ച റിപ്പോർട്ടാണിത്. ഈ കാലഘട്ടത്തിൽ വന്ന പല റിപ്പോർട്ടുകൾ എടുത്തു നോക്കിയാലും സമാനമായ വാചകങ്ങൾ കാണാം. പ്രകൃതിയെയല്ല കുറ്റപ്പെടുത്തേണ്ടത്, മനുഷ്യന്റെ പ്രകൃതത്തെയാണ് മാറ്റേണ്ടത്. പ്രകൃതിയിൽ മയങ്ങിപ്പോയ മനുഷ്യനെയാണ് മാറ്റേണ്ടത് എന്നതിനായിരുന്നു അതിന്റെയെല്ലാം സമീപനം. വായിക്കാനും എഴുതാനുമുള്ള ആധുനിക വിദ്യാഭ്യാസം ലഭ്യമാക്കണം. ഒപ്പം ആവശ്യാനുസരണം കൃഷി ചെയ്യാനും വനപരിപാലനം നടത്താനും കഴിയണം. ആധുനികരാവുക എന്നു പറയുന്നത് ഇതാണ്. അധ്വാനശേഷി മുഴുവൻ പ്രത്യേകരീതിയിൽ അധിനിവേശ സമ്പദ്ഘടനയ്ക്കു വേണ്ടി (നാടിന്റെ സമ്പദ്വ്യവസ്ഥ എന്നാണ് പറഞ്ഞിരുന്നത്) ഉപയോഗിക്കണമെന്നതാണ് ഈ കാഴ്ച്ചപ്പാട്. റവന്യു അഡ്മിനിസ്ട്രേഷന്റെ യുക്തിയെന്നത് ഓരോരുത്തരും അധ്വാനിക്കുക എന്നതാണ്. ഉൽപ്പാദനം കൃഷിയായി മാത്രമാണ് വരുന്നത്. പണത്തിന് പ്രാമുഖ്യമില്ലായിരുന്നു. ഭക്ഷ്യവിളക്കായിരുന്നു പ്രാധാന്യം. തേയില, കാപ്പി എന്നിവയ്ക്കെല്ലാം രണ്ടാം സ്ഥാനമായിരുന്നു. അടിസ്ഥാനരപമായി എല്ലാവരും അധ്വാനിക്കണം. നികുതി കാശായിട്ടായിരുന്നില്ല കൊടുത്തിരുന്നത്. വിളയുടെ ഒരു ഭാഗമാണ് നികുതിയായി അടച്ചിരുന്നത്. അങ്ങനെ രാജ്യത്തിന്റെ സമ്പത്ത് അധികരിക്കാനുള്ള ഉത്തരവാദിത്വം ഓരോരുത്തർക്കും ലഭിച്ചു. അതിനായി എല്ലാവർക്കും ഭൂമി പതിച്ചു നൽകി. ഓരോ കഷ്ണം ഭൂമിയുടെയും ഉത്തരവാദിത്തം അധ്വാനിക്കുന്ന ഒരാൾക്കായിരിക്കും. നികുതി കൃത്യമായി കൊടുക്കുന്നതിന് വേണ്ടിയാണ് ഈ ചുമതല. നികുതി ശേഖരിക്കുന്ന ആളായിരുന്നു അന്നത്തെ കളക്ടർ. ഇന്നും അതേ സംവിധാനം തന്നെയാണ്, ചില മാറ്റങ്ങൾ ഉണ്ടെങ്കിൽ കൂടിയും. നികുതി ശേഖരിക്കുന്നതിനുള്ള ഉപാധിയായിട്ടാണ് അത് പ്രവർത്തിക്കുന്നത്. ഭൂമി അളക്കാനുള്ള ഡിപ്പാർട്ട്മെന്റിനും മാപ്പിംഗ് ഡിപ്പാർട്ട്മെന്റിലും പ്രവർത്തിക്കാൻ വേണ്ടി ഓരോ വർഷവും വളരെയധികം പണം ചിലവഴി

ച്ചിരുന്നതായിക്കാണാം. നാട്ടിൽ, ഭൂമി അളന്നു തിരിച്ച്, ഓരോരുത്തരും എത്രമാത്രം ഉൽപ്പാദിപ്പിക്കണം എന്നതു സംബന്ധിച്ച തീരുമാനങ്ങൾ നടപ്പിലാക്കാൻ സംവിധാനങ്ങൾ നിലവിൽ വന്നു. കാട്ടിൽ, മാറ്റകൃഷി ചെയ്യുന്നവരിൽ നിന്നും നികുതി പിരിക്കാൻ പ്രയാസമായിരുന്നു. റവന്യൂ ഉദ്യോഗസ്ഥർക്ക് എത്ര ഭൂമി കൃഷി ചെയ്തുവെന്നോ വിളയെത്രയെന്നോ തിട്ടപ്പെടുത്താൻ പോലും ബുദ്ധിമുട്ടായിരുന്നു. ഈ സാഹചര്യത്തിൽ മൂന്ന് പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമായിരുന്നു.

1. നികുതി പിരിക്കുന്ന കാര്യം
2. നികുതിദായകനെ കണ്ടെത്തുന്ന കാര്യം
3. വനനഷ്ടം (മരം മുറിക്കുന്നതിന്റെ പ്രശ്നം)

ഈ മൂന്നു പ്രശ്നങ്ങൾക്ക് പരിഹാരമായാണ് മാറ്റകൃഷി സമ്പ്രദായം പൂർണ്ണമായും നിരോധിക്കുന്നത്. മാറ്റകൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരായവരെല്ലാം കൃഷിക്കാരോ കാർഷികതൊഴിലാളിയോ ആയി മാറി, കുറച്ചുപേർ വനം വകുപ്പിന്റെ തേക്കുതോട്ടങ്ങളിലും, കൂപ്പുകളിലും തൊഴിലാളികളായി. ഈ തൊഴിലാളികൾ ജാതിവ്യവസ്ഥയിലധിഷ്ഠിതമായ കാർഷിക ഉൽപ്പാദനപ്രക്രിയയിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടപ്പോൾ ഇതിൽപ്പെടാത്ത വനവാസികളെ 'ആദിവാസികൾ' എന്നു വിളിച്ചു. ട്രൈബ്-കാസ്റ്റ് എന്ന വിഭജനം അങ്ങനെയാണുണ്ടാകുന്നത്. ഭരണവ്യവസ്ഥയുടെയും ഭരണപരിപാടിയുടെയും ഭാഗമായി വരുന്നതാണ് ഈ വിഭജനം. ഇവരെക്കുറിച്ച് പഠിക്കാനായി സംവിധാനങ്ങൾ വന്നു. ആന്ത്രപ്പോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയ്ക്കു പുറമെ പ്രവശ്യാതലത്തിൽ എഥ്നോഗ്രാഫർമാരിൽ ഈ ദൗത്യത്തിന് യുക്തിപകരുന്ന നിരീക്ഷണങ്ങൾ നടത്തി പഠനങ്ങൾ പ്രസിദ്ധീകരിച്ചു. ഓരോ ഗോത്ര വിഭാഗത്തിനും പേരുകൊടുത്ത് തരം തിരിച്ചു. ഹിൽമെൻസ് ആക്ട് പോലെയുള്ള നിയമവ്യവസ്ഥകളും നിലവിൽ വന്നു. ഓരോ കൂട്ടരെയും എങ്ങനെയാണ് ഉൽപ്പാദന വ്യവസ്ഥയുടെ ഭാഗമാക്കുക എന്ന ആലോചനയുടെ പരിണതികൾ ആയിരുന്നു ഇത്.

ജൈവവൈവിധ്യ സംരക്ഷണത്തിനാണ് വനംവകുപ്പ് നിലനിൽക്കുന്നത് എന്നതാണ് ഇപ്പോഴുള്ള മറ്റൊരു ന്യായം. ഇതും തടിക്ക് വേണ്ടിയുള്ള ഇടപെടലുകളും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. തടിയുടെ സ്ഥാനത്ത് കൺസർവേഷൻ വന്നു എന്നു കരുതിയാൽ മതി. അതേ സ്ഥാപനഘടന തന്നെ പിന്തുടരുകയാണ്. കൺസർവേഷൻ സംബന്ധിച്ച ആദ്യകാല ചിന്തകൾ ഉദയം ചെയ്യുന്ന സമയത്ത് അന്ന് വനം വകുപ്പ് എന്നൊരു സംവിധാനം ഉണ്ടായിരുന്നില്ല. ഗെയിം സാങ്ചറികളായിരുന്നു അന്ന് ഉണ്ടായിരുന്നത്. പീരുമേട് ഗെയിം അസോസിയേഷൻ, ഹൈറേഞ്ച് പ്രൊട്ടക്ഷൻ അസോസിയേഷൻ തുടങ്ങിയ ചില ഏജൻസികളായിരുന്നു അന്ന് സാങ്ചറികൾ സംരക്ഷിച്ചിരുന്നത്. വന്യജീവി വിഭാഗം രൂപീകരിക്കപ്പെടുമ്പോൾ ഈ ഏജൻസികളിൽ നിന്നും ഈ ചുമതല അവർ ഏറ്റെടുക്കുകയായിരുന്നു. അമേരിക്കൻ വൈൽഡേർനെസ്സ് മൂവ്മെന്റ് മുതൽ നോക്കിയാൽ ഇതേകാര്യം തന്നെ നമുക്ക് കാണാൻ കഴിയും. 1870 കളിൽ വൈൽഡേർനസ്സ് മൂവ്മെന്റിന്റെ ഭാഗമായി അവിടെ യെല്ലോസ്റ്റോൺ നാഷണൽ പാർക്ക് വരുന്നു. മനുഷ്യനില്ലാതെ വന്യപ്രകൃതി സംരക്ഷിക്കണം എന്നതായിരുന്നു അന്നത്തെ ഏറ്റവും വലിയ ആദർശം. മനുഷ്യനുണ്ടെങ്കിൽ, അത് വന്യമാകുന്നില്ല എന്നായിരുന്നു കാഴ്ചപ്പാട്. ഇതിന്റെ ഏറ്റവും അറിയപ്പെടുന്ന സ്മാരകമാണ് നാഷണൽ പാർക്ക് സംവിധാനം. ഇതേ യുക്തിയിലാണ് ഇന്ത്യയിലും വന്യതാസങ്കൽപ്പം അവതരിപ്പിക്കപ്പെടുന്നത്. നാഷണൽ പാർക്ക്, പക്ഷി സങ്കേതങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവയെല്ലാം അങ്ങനെയുണ്ടായതാണ്. 'അൺമാൻഡ് വൈൽഡ് കണ്ട്രി' എന്ന സങ്കൽപ്പത്തിലാണ് എല്ലാം രൂപീകരിക്കപ്പെട്ടിരിക്കുന്നത്. ഇവിടെ സഹവർത്തിത്വത്തിന്റെ വിഷയം പരാമർശിച്ചിട്ടേയില്ല. കൺസർവേഷൻ സയൻസിലും, ഗെയിം ഫണ്ട് മാതൃകയുടെ യുക്തിയാണ് ഉണ്ടായിരുന്നത്.

ജൈവവൈവിധ്യ സംരക്ഷണത്തിനാണ് വനംവകുപ്പ് നിലനിൽക്കുന്നത് എന്നതാണ് ഇപ്പോഴുള്ള മറ്റൊരു ന്യായം. ഇതും തടിക്ക് വേണ്ടിയുള്ള ഇടപെടലുകളും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. തടിയുടെ സ്ഥാനത്ത് കൺസർവേഷൻ വന്നു എന്നു കരുതിയാൽ മതി. അതേ സ്ഥാപനഘടന തന്നെ പിന്തുടരുകയാണ്. കൺസർവേഷൻ സംബന്ധിച്ച ആദ്യകാല ചിന്തകൾ ഉദയം ചെയ്യുന്ന സമയത്ത് അന്ന് വനം വകുപ്പ് എന്നൊരു സംവിധാനം ഉണ്ടായിരുന്നില്ല.

സലിം അലി ഉൾപ്പെടുന്ന ബോംബെ നാചറൽ ഹിസ്റ്ററി സൊസൈറ്റിയുടെ ഒക്കെ നേതൃത്വത്തിലുള്ള സ്കൂൾ ഓഫ് കൺസർവേഷൻ ആണ് സ്വതന്ത്ര ഇന്ത്യയിൽ പിന്നീട് വരുന്നത്. മാധവ് ഗാഡ്ഗിലിന്റെയും വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെയും സമീപനരീതികളെ പിന്തുടർന്ന് വന്യജീവി സംരക്ഷണത്തിന് പുത്തൻ സമീപനങ്ങൾ പിൽക്കാലത്ത് രൂപംകൊണ്ടിട്ടുണ്ടെങ്കിലും സ്ഥാപനവത്ക്കരിക്കപ്പെട്ടിട്ടുള്ള കൊളോണിയൽ യുക്തികളെ പൂർണ്ണമായി നിരാകരിക്കാനും അതിജീവിക്കാനും ഇവയ്ക്കായിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ പ്രൊഡക്ഷൻ ഫോറസ്ട്രിക്ക് പകരം കൺസർവേഷൻ വന്നു എന്നേയുള്ളൂ. അടിസ്ഥാന സംഗതികളിൽ ഒരു മാറ്റവും ഉണ്ടാകുന്നില്ല. ഇതും വനാവകാശ നിയമം നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.

വനാവകാശ നിയമവുമായി ബന്ധപ്പെട്ട് റവന്യു, ഫോറസ്റ്റ്, ട്രൈബൽ എന്നീ മൂന്ന് ഡിപ്പാർട്ട്മെന്റുകളുമായാണല്ലോ നാം ഇടപെടുന്നത്. ഈ മൂന്നു ഡിപ്പാർട്ട്മെന്റുകളുടെയും ആകാംക്ഷകളും വേവലാതികളുമെല്ലാം ഇതിന്റെ നിർമ്മിതിയിൽ തന്നെ ഉൾച്ചേർക്കപ്പെട്ടിട്ടുണ്ട്. ഒരു ഉദ്യോഗസ്ഥനെ ഇതിലേതെങ്കിലും ഡിപ്പാർട്ട്മെന്റിൽ നിയമിക്കുമ്പോൾ അയാളുടെ ജോലിയെ ക്രമപ്പെടുത്തുന്ന നിയമങ്ങളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. അതിന്റെയൊക്കെ സ്ഥാപനപരമായ ഓർമ്മകളും ഈ ഡിപ്പാർട്ട് മെന്റുകൾക്കുള്ളിൽ നിലനിൽക്കുന്നുണ്ട്.

സമൂഹത്തിനെന്താണ് അഭികാമ്യം എന്നതിനെപ്പറ്റിയുള്ള ഓരോ ഡിപ്പാർട്ടുമെന്റുകളുടെയും ചിന്തകൾ വ്യ

ത്യസ്തമാണ്. 19-ാം നൂറ്റാണ്ടിലുണ്ടായിരുന്ന സാമ്പത്തിക യുക്തിയും സാമൂഹ്യ അവബോധവും ഈ സ്ഥാപനങ്ങളുടെ ഘടനകളിൽ ഉൾക്കൊണ്ടിട്ടുള്ളത് വളരെയൊന്നും മാറ്റത്തിന് വിധേയമായിട്ടില്ല. ഈ യുക്തിയുടെയും സാമൂഹ്യാവബോധത്തിന്റെയും അടിസ്ഥാനത്തിലാണ് ഇന്നും പദ്ധതികൾ രൂപീകരിക്കുന്നതും നടപ്പിലാക്കുന്നതും. ഈ യുക്തിയിൽ നിന്നുമുള്ള വളരെ കാതലായ മാറ്റമാണ് വനാവകാശ നിയമം, പങ്കാളിത്ത വനപരിപാലനം, തുടങ്ങിയവ. പങ്കാളിത്ത വനപരിപാലനം എന്നത് സർക്കാരിൽ നിന്നും വിട്ടുനിന്നുള്ള സ്വയംഭരണ സംവിധാനമല്ല. വനം വകുപ്പിന്റെ ഒരു പ്രതിനിധി സെക്രട്ടറിയായി നിലനിൽക്കുന്ന ഒരു സംവിധാനമാണത്. ഭരണകൂടത്തിന്റെ ഒരു ശാഖ തന്നെയാണിത്. എന്നാൽ വനാവകാശം അതിൽ നിന്നും വ്യത്യസ്തമാണ്. പെസ ഇതിന് ശക്തി നൽകുന്ന ഭരണഘടനാപരമായ ഒരു മാറ്റമാണ്. അതാണ് 'പ്രശ്ന'മാകുന്നത്. വനാവകാശ നിയമത്തിൽ വരുന്ന മൂന്ന് വകുപ്പുകളും എങ്ങനെ രൂപപ്പെട്ടു എന്നതു നാം കണ്ടു. ഇവയിൽ രൂഢമൂലമായിട്ടുള്ള സ്ഥാപനയുക്തിയിലും അവയിൽ നിന്നു ഇന്ന് പ്രതീക്ഷിക്കുന്ന സാമൂഹ്യ ഉത്തരവാദിത്വങ്ങളും തമ്മിൽത്തന്നെ വലിയ വൈരുദ്ധ്യം നിലനിൽക്കുന്നുണ്ട്. ഇവയിൽ എങ്ങനെയാണ് മാറ്റം കൊണ്ടുവരാൻ കഴിയുന്നത്? അതിന് ഒരു ബോധപൂർവ്വമായ ഒരു ഡയലോഗ് ആവശ്യമാണ്. സംവാദം സാധ്യമാകുക എന്നത് പ്രാഥമികമായ ആവശ്യമാണ്. സംവാദങ്ങളുടെ അജണ്ട തീരുമാനിക്കാൻ തക്കവിധം സ്വാധീനം ചെലുത്താൻ ജനകീയ മുന്നേറ്റങ്ങൾക്ക് സാധ്യമാവണം. ഒരുപക്ഷേ കൂടുതൽ അർത്ഥവത്തായ ജനാധിപത്യ സംവിധാനം നിലവിലുള്ള രാജ്യങ്ങളിൽ നിലവിലുള്ള രീതിയിൽ ബോധപൂർവ്വമായ നയരൂപീകരണ-നയസ്വാധീന തന്ത്രങ്ങൾ തന്നെ സ്വീകരിക്കേണ്ടതുണ്ട്.

ഒരുപക്ഷേ വനാവകാശ നിയമം ഈ കൊളോണിയൽ സ്ഥാപനങ്ങൾക്ക് യഥാർത്ഥത്തിൽ അവയുടെ കൊളോണിയൽ പുറംതോട് പൊട്ടിച്ചു സ്വതന്ത്രമാകാനുള്ള ഒരു അവസരം നൽകിയിട്ടുണ്ട്. എന്നാൽ സ്വന്തം തീരുമാനത്തിന്റെയോ മുൻകൈയുടെയോ ഈ സ്ഥാപനങ്ങൾ അത്തരം ഒരുമാറ്റത്തിന് തയ്യാറാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാൻ കഴിയില്ല. അതിനായി സമ്മർദ്ദങ്ങൾ ചെലുത്തുന്നതിനോടൊപ്പം ആശയവിനിമയത്തിലൂന്നിയ സംവാദങ്ങൾക്ക് എങ്ങനെ രൂപം നൽകാൻ സാധിക്കും എന്ന് ആലോചിക്കേണ്ട സമയം കൂടിയാണിത്. ■


**കേരളീയം പുസ്തകശാലയുടെ പുസ്തകം**

**'മുറിവേറ്റ മലയാഴം'**

**കേരളത്തിലെ പാറമടകൾ സൃഷ്ടിക്കുന്ന സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ**




**നബീൽ. സി.കെ.എം**

**വില: 150 രൂപ. പേജ്: 152.**

**കോപ്പികൾക്ക്: 04872421385, 9446586943**


## പരിസ്ഥിതി മാദ്ധ്യമ ഫെലോഷിപ്പ്: അപേക്ഷ ക്ഷണിക്കുന്നു

കേരളീയം മാസിക 2009 മുതൽ നൽകുന്ന ബിജു. എസ്. ബാലൻ അനുസ്മരണ **പരിസ്ഥിതി മാദ്ധ്യമ ഫെല്ലോഷിപ്പിലേക്ക്** അപേക്ഷ ക്ഷണിക്കുന്നു. മാദ്ധ്യമപ്രവർത്തകർക്കും മാദ്ധ്യമപ്രവർത്തനത്തിൽ താത്പര്യമുള്ള 35 വയസ്സിൽ താഴെ പ്രായമുള്ള യുവതീ/യുവാക്കൾക്കും അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ വർഷം ഫെല്ലോഷിപ്പിനായി നിശ്ചയിച്ച, **'പാരിസ്ഥിതിക തകർച്ചകളും വിഭവക്കൊള്ളയും അട്ടപ്പാടിയിലെ ആദിവാസി ജനതയെ തകർത്തത് എങ്ങനെ?'** എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ഒരു റിപ്പോർട്ടിന്റെ രൂപരേഖയും പ്രവർത്തന പദ്ധതിയും അയച്ചുതരിക. ഒപ്പം നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നത്തെ/വിഷയത്തെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ടും ബയോഡാറ്റ സഹിതം താഴെപ്പറയുന്ന വിലാസത്തിൽ **2018 ജൂൺ 5 ന്** ഉള്ളിൽ ലഭിക്കുന്ന രീതിയിൽ അയയ്ക്കുക. ഈ റിപ്പോർട്ടിന്റെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി-മാദ്ധ്യമ വിദഗ്ധർ അടങ്ങുന്ന ജൂറി തിരഞ്ഞെടുക്കുന്ന ഒരാൾക്ക് ബിജുവിന്റെ ചരമദിനമായ **ജൂൺ 28ന്** തൃശൂരിൽ വച്ച് **10,010 രൂപയുടെ** ഫെല്ലോഷിപ്പ് നൽകും.


**വിലാസം: കേരളീയം, കൊക്കാലെ, തൃശൂർ – 680021.**
**e-mail: mailkeraleeyam@gmail.com, 0487 2421385**



**കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...**

വാർഷിക വരിസംഖ്യ (12 ലക്കം) :
**ഇന്ത്യയിൽ** : 300 രൂപ, **സ്ഥാപനങ്ങൾക്ക്** : 600 രൂപ
**വിദേശത്തേക്ക്** : 1200 രൂപ.
**കൂട്ടായ്മ അംഗത്വം** : 15,000 രൂപ.
**ആജീവനാന്ത വരിസംഖ്യ** : 10,000 രൂപ.

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക്:*
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943